ഫോൺ : 0468 2362039

# ഇലന്തൂർ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 460
# ക്യുമിലേറ്റീവ് ടേം ഡിപ്പോസിറ്റ് പദ്ധതിയിൽ ചേരുന്നതിനുള്ള
# അപേക്ഷ

| | |
|---|---|
| പേര് | |
| മേൽവിലാസം<br>താല്ക്കാലികം | Phone No. |
| സ്ഥിരം | Phone No. |
| പ്രതിമാസം ഒടുക്കുന്ന തവണത്തുക | 96/ 60/ 30 മാസം |
| അവകാശിയുടെ പേരും മേൽവിലാസവും | |
| അപേക്ഷകനുമായുള്ള ബന്ധം | |
| പ്രത്യേക വ്യവസ്ഥകൾ ഉണ്ടെങ്കിൽ അവ | |

## പ്രതിജ്ഞ

ക്യുമിലേറ്റീവ് ഡിപ്പോസിറ്റ് പദ്ധതി സംബന്ധിച്ച് ഇതിന്റെ മറുപുറം ചേർത്തിരിക്കുന്നതും മേലിൽ ഏർപ്പെടുത്തുന്നതുമായ സകല നിബന്ധനകളും ഞാൻ പാലിച്ചുകൊള്ളാമെന്ന് പ്രതിജ്ഞ ചെയ്തുകൊള്ളുന്നു.

സ്ഥലം :

തീയതി : പേരും ഒപ്പും

## For Office Use Only

| | | | |
|---|---|---|---|
| Account No. | | Maturity Amount | |
| Date of Account | | Due Date | |
| Clerk | | | Secretary |
| Remarks | | | |

# ഇലന്തൂർ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 460
# ക്യുമിലേറ്റീവ് ടേം ഡിപ്പോസിറ്റ് പദ്ധതിയിൽ ചേരുന്നതിനുള്ള
# നിബന്ധനകൾ

1. ബാങ്കിന്റെ ക്യുമിലേറ്റീവ് ഡിപ്പോസിറ്റ് പദ്ധതിയുടെ നിബന്ധനകൾ അംഗീകരിക്കുന്ന ഏതൊരാൾക്കും ടി. അക്കൗണ്ട് തുടങ്ങാവുന്നതാണ്.
2. അടിയിൽ ചേർക്കുന്ന ഏതെങ്കിലും വിധത്തിൽ അക്കൗണ്ട് തുടങ്ങാവുന്നതാണ്.

   എ. ഒരാൾക്ക് അയാളുടെ സ്വന്തം പേരിൽ

   ബി. ഒന്നിൽ കൂടുതൽ ആളുകൾക്ക് കൂട്ടായി ഇപ്രകാരം തുടങ്ങുന്ന അക്കൗണ്ടുകൾക്ക് പണം തിരികെ വാങ്ങാവുന്ന സമയത്ത് എല്ലാവരും കൂടി ചേർന്നോ അതിൽ ആരെങ്കിലും ഒരാൾക്ക് തനിച്ചോ നിക്ഷേപകരിൽ ആരെങ്കിലും മരിച്ചുപോകുന്ന പക്ഷം ബാക്കിയുള്ള ആളുകൾക്ക് മാത്രമായോ ജീവിച്ചിരിക്കുന്നവർക്കും മരിച്ചുപോയവരുടെ അവകാശികൾക്കും കൂടിയോ ഏതു വിധത്തിൽ പണം തിരികെ കൊടുക്കണമെന്ന് അക്കൗണ്ട് തുടങ്ങുന്ന സമയത്ത് അപേക്ഷാ ഫോറത്തിൽ വ്യക്തമായി കാണിച്ചിരിക്കണം.

   സി. 16 വയസ്സ് പൂർത്തിയായ ഒരു മൈനർ സ്വന്തം പേരിൽ
3. 100 രൂപ, 200 രൂപ, 300 രൂപ, 500 രൂപ, 1000 രൂപ എന്നീ തുകകൾ ഒരോ മാസവും അടയ്ക്കേണ്ട വിധത്തിൽ അക്കൗണ്ട് തുടങ്ങാവുന്നതാണ്. അപേക്ഷാ ഫാറത്തിൽ മാസം തോറും അടയ്ക്കാനുള്ള തുക വ്യക്തമാക്കിയിരിക്കണം.
4. പദ്ധതിയുടെ കാലാവധി 30 മാസമായിരിക്കുന്നതാണ്.
5. നിശ്ചിത തുകയിൽ കൂടുതലായോ കുറവായോ അടയ്ക്കാൻ പാടില്ലാത്തതാണ്.
6. ഇപ്രകാരം നിക്ഷേപിക്കുന്ന തുക 30 മാസങ്ങൾക്ക് ശേഷം തിരികെ കൊടുക്കാവുന്നതാണ്.
7. കാലാവധിക്ക് ശേഷം തിരികെ വാങ്ങാതിരിക്കുന്ന തുകകൾക്ക് പലിശ നൽകുന്നതല്ല.
8. അവസാനത്തെ തവണ അടച്ച് 30 ദിവസം കഴിയുമ്പോൾ തുക തിരികെ ലഭിക്കുന്നതാണ്.
9. ഓരോ മാസത്തേയും തവണകൾ അതാത് മാസത്തെ അവസാനത്തെ പ്രവൃത്തിദിവസമോ അതിനുമുമ്പോ അടയ്ക്കേണ്ടതാണ്.
10. തവണ അടയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ ഓരോ രൂപക്കും പ്രതിമാസം 1 പൈസാ വീതം പലിശയോടു കൂടി തുക സ്വീകരിക്കുന്നതാണ്.
11. തവണകൾ തുകകൾ രൊക്കം പണമായി മാത്രം അടയ്ക്കേണ്ടതും, ചെക്കുകൾ സ്വീകരിക്കാത്തതുമാകുന്നു.
12. ഓരോ അക്കൗണ്ടുകൾക്കും 30 മാസം കഴിയുമ്പോൾ ലഭിക്കുന്ന തുക (പലിശയുൾപ്പെടെ) അടിയിൽ ചേർക്കുന്നു.

| പ്രതിമാസ വരുമാനം | കാലാവധി | ലഭിക്കുന്ന തുക |
|---|---|---|
| 100 രൂപ | 30 മാസം | 3330 |
| 200 രൂപ | 30 മാസം | 6660 |
| 300 രൂപ | 30 മാസം | 9990 |
| 400 രൂപ | 30 മാസം | 13320 |
| 500 രൂപ | 30 മാസം | 16650 |
| 1000 രൂപ | 30 മാസം | 33300 |

13. ഓരോ നിക്ഷേപകനും വിലകൂടാതെ പാസ്സ് ബുക്ക് നൽകുന്നതും, പണം അടയ്ക്കുന്ന സമയത്ത് പാസ്സ്ബുക്ക് ഹാജരാക്കി തുക വരവ് വെപ്പിച്ചുകൊള്ളേണ്ടതും അടയ്ക്കുന്ന തുകയ്ക്ക് രസീത് വാങ്ങികൊള്ളേണ്ടതുമാണ്.
14. അക്കൗണ്ട് അവസാനിപ്പിച്ച് പണം വാങ്ങുമ്പോൾ പാസ്സ് ബുക്ക് ബാങ്കിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്.
15. പാസ്സ് ബുക്ക് നഷ്ടപ്പെട്ടു പോകുന്ന പക്ഷം 25 രൂപ വില നൽകി ഡ്യൂപ്ലിക്കേറ്റ് പാസ്സ് ബുക്ക് നൽകുന്നതാണ്.
16. ഓരോ നിക്ഷേപകനും തങ്ങളുടെ അക്കൗണ്ടിൽ നിന്നും അടച്ച തുകയുടെ 75 ശതമാനം വരെ 12 ശതമാനം പലിശയ്ക്ക് വായ്പ എടുക്കാവുന്നതാണ്. എന്നാൽ 50 രൂപയിൽ കുറഞ്ഞ തുകയോ രണ്ടു പ്രാവശ്യത്തിൽ കൂടുതലോ വായ്പ ലഭിക്കുന്നതല്ല.
17. പത്ത് തവണകൾ വരെ അടച്ച് മുടക്കുന്ന ആളിന് കാലാവധിക്ക് ശേഷം വച്ച തുക മാത്രവും പത്തിനുമേൽ ഇരുപതുവരെ വെച്ച് മുടക്കുന്ന ആളിന് അടച്ച തുകയും 5% പലിശയും 20 നു മേൽ 29 വരെ വെച്ചുമുടക്കുന്ന ആളിന് അടച്ച തുകയും 65 % പലിശയും നൽകുന്നതാണ്.